**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3739** **09-10-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പലിനെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സർക്കാർ കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പൽമാരുണ്ട്; സ്ഥിരം പ്രിൻസിപ്പൽമാരുടെ അഭാവം, കോളേജുകളുടെ പഠന- ഗവേഷണ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ സ്ഥിരം പ്രിൻസിപ്പാൾമാരുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>• സർക്കാർ ആർട്സ് & സയൻസ് കോളേജ് - 0<br>• സർക്കാർ ടീച്ചർ എഡ്യുക്കേഷൻ കോളേജ് - 1<br>• സർക്കാർ സംസ്കൃത കോളേജ് - 1<br>• സർക്കാർ മ്യൂസിക് കോളേജ് - 3<br>ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA.NO.828/2023- ന്മേലുള്ള 03.08.2023, 21.08.2023 തീയതികളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 23.08.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1320/2023/ഉ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ട 36 പേരിൽ 22 പേർ നിലവിൽ താൽക്കാലികമായി സേവനത്തിൽ തുടരുന്നു. ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ ആരും തന്നെ സ്ഥിര നിയമനത്തിൽ തുടരുന്നില്ല.<br>പ്രിൻസിപ്പാൾമാരില്ലാത്ത സ്ഥാപനങ്ങളിൽ ടി സ്ഥാപനങ്ങളിലെ വൈസ് പ്രിൻസിപ്പാൾ/സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തികാധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല നൽകി പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് | (ബി) | സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പാൾമാരെ നിയമിക്കുന്നതിന് നിലവിൽ നിയമതടസ്സങ്ങളില്ല. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമ തടസ്സങ്ങൾ നീക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | 27.08.2025 തീയതിയിലെ സ.ഉ. (സാധാ) നം.1151/2025/ഉ.വി.വ ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 18.09.2025 തീയതി കൂടുകയും തുടർ നടപടികൾക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.സി. ചേർന്ന് അംഗീകരിച്ച ലിസ്റ്റ് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ